**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | **പ്രധാനവാർത്തകൾ** | **DATE:30.07.2026**

1. നീറ്റ് പരീക്ഷാ വിഷയത്തിൽ വിദ്യാർഥികളുടെ പ്രതിഷേധത്തിന് നേരെയുണ്ടായ പോലീസ് നടപടി ലോക്സഭയിൽ വീണ്ടുമുന്നയിച്ച് പ്രതിപക്ഷം; ബഹളത്തെ തുടർന്ന് സഭ രണ്ട് മണിവരെ നിർത്തിവച്ചു.
2. കോമൺവെൽത്ത് ഗെയിംസ് പുരുഷ ലോംഗ് ജമ്പിൽ വെള്ളി മെഡൽ നേടിയ മലയാളി താരം ശ്രീശങ്കറിനെ അഭിനന്ദിച്ച് രാഷ്ട്രപതി ദ്രൗപതി മുർമു.
3. ലഹരിമരുന്ന് കേസിലെ അധ്യാപകരുടെ അറസ്റ്റ്, സംസ്ഥാനം ലജ്ജിച്ച് തലതാഴ്ത്തിയ സംഭവമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല.
4. സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥ വകുപ്പ്; കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രത; കേരളതീരത്ത് ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്
5. മുണ്ടക്കൈ - ചൂരൽമല ഉരുൾപൊട്ടലിന് രണ്ടാണ്ട് തികയുന്നു; ജില്ലാഭരണകൂടത്തിന്റെയും മേപ്പാടി ഗ്രാമപഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ ഇന്ന് അനുസ്മരണപരിപാടികൾ.
6. കേരളത്തിലെ ദേശീയ സെൻസസ് 2027 ന്റെ ഒന്നാം ഘട്ടമായ വീടുകളുടെ പട്ടിക തയ്യാറാക്കലും ഭവന സെൻസസും ഇന്ന് സമാപിക്കും.

*************************

RNU TVPM

## പാർലമെൻറ്

നീറ്റ് പരീക്ഷാ വിഷയത്തിൽ വിദ്യാർഥികൾ നടത്തിയ പ്രതിഷേധത്തിനിടെയുണ്ടായ പോലീസ് നടപടി സംബന്ധിച്ച് പ്രതിപക്ഷം ബഹളം വച്ചതിനെ തുടർന്ന് ലോക്സഭ ഉച്ചയ്ക്ക് രണ്ട് മണിവരെ നിർത്തിവച്ചു.11 മണിക്ക് സഭ ചേർന്നപ്പോൾ കോമൺവെൽത്ത് ഗെയിംസിൽ സ്വർണം നേടിയ പാരാ അത്‌ലറ്റ് ദിലീപ് ഗാവിത്തിനെയും പുരുഷന്മാരുടെ 100 മീറ്ററിൽ വെള്ളി നേടിയ മുഹമ്മദ് ബാസിലിനെയും സ്പീക്കർ ഓം ബിർള അഭിനന്ദിച്ചു. തുടർന്ന് ചോദ്യോത്തരവേള ആരംഭിക്കാൻ സ്പീക്കർ ശ്രമിച്ചെങ്കിലും വിദ്യാർഥി പ്രതിഷേധവുമായി ബന്ധപ്പെട്ട പോലീസ് നടപടിയിൽ ആഭ്യന്തരമന്ത്രി അമിത് ഷായുടെ പ്രസ്താവന ആവശ്യപ്പെട്ട് പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം വിളിച്ചു. ചോദ്യോത്തരവേള അംഗങ്ങളുടെ അവകാശമാണെന്നും സഭാ നടപടികൾ തടസ്സപ്പെടുത്തുന്നത് പാർലമെൻ്ററി പാരമ്പര്യങ്ങൾക്ക് വിരുദ്ധമാണെന്നും സ്പീക്കർ ഓം ബിർള ഓർമ്മിപ്പിച്ചു. ബഹളം തുടർന്നതോടെ സഭ 2 മണി വരെ നിർത്തി വച്ചു.രാജ്യസഭാ നടപടികൾ തടസ്സമില്ലാതെ പുരോഗമിക്കുകയാണ്.

RNU TVPM

************************

## ശ്രീശങ്കർ

കോമൺവെൽത്ത് ഗെയിംസ് പുരുഷ ലോംഗ് ജമ്പിൽ വെള്ളി മെഡൽ നേടിയ മലയാളി ലോംഗ് ജമ്പ് താരം മുരളി ശ്രീശങ്കറിനെ അഭിനന്ദിച്ച് രാഷ്ട്രപതി ദ്രൗപതി മുർമു. ശ്രീശങ്കറിൻ്റെ സമർപ്പണത്തെയും സ്ഥിരതയാർന്ന പ്രകടനത്തെയും പ്രശംസിച്ച രാഷ്ട്രപതി തുടർച്ചയായ വിജയങ്ങളും മികച്ച കരിയറും സാധ്യമാകട്ടെയെന്ന് ആശംസിച്ചു.

************************

## നശാ മുക്ത്

ലഹരി ഉപയോഗത്തിനെതിരായ നശാ മുക്ത് യുവ ഫോർ വികസിത് ഭാരത് പ്രചാരണ പരിപാടി പ്രധാനമന്ത്രി നരേന്ദ്ര മോദി ഞായറാഴ്ച ഉദ്ഘാടനം ചെയ്യും. മൈ ഭാരത്

പ്ലാറ്റ്ഫോമിൻറെ നേതൃത്വത്തിൽ രാജ്യവ്യാപകമായി 100 ആഴ്ച നീളുന്ന പ്രചാരണ പരിപാടിയാണ് സംഘടിപ്പിക്കുന്നത്. ഒരു കോടിയിലധികം പേർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കുമെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ അറിയിച്ചു.

*************************

## രമേശ് ചെന്നിത്തല

ലഹരിമരുന്ന് കേസിലെ അധ്യാപകരുടെ അറസ്റ്റ് , സംസ്ഥാനം ലജ്ജിച്ച് തലതാഴ്ത്തിയ സംഭവമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല .കുട്ടികളെ നേരായ മാർഗ്ഗത്തിൽ നയിക്കേണ്ട അധ്യാപകർ ചെയ്തത് ഗുരുതരമായ കുറ്റമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു .വിഷയത്തിൽ പരിശോധന വ്യാപിപ്പിക്കുമെന്നും അദ്ദേഹം തിരുവനന്തപുരത്തു മാധ്യമങ്ങളോട് വ്യക്തമാക്കി

*************************

## ഇടമൺ ദേശീയപാത - ഗഡ്കരി

സംസ്ഥാന സർക്കാർ സ്ഥലം ലഭ്യമാക്കിയാൽ ,ചിന്നക്കട - ഇടമൺ ദേശീയപാത വികസിപ്പിക്കുന്നത് പരിശോധിക്കുമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി ഉറപ്പ് നൽകിയതായി എൻ.കെ.പ്രേമചന്ദ്രൻ- എം.പി. ഇതുമായി ബന്ധപ്പെട്ട് ശ്രീ. നിതിൻ ഗഡ്കരിയുമായി അദ്ദേഹം ന്യൂ ഡൽഹിയിൽ ചർച്ച നടത്തി. പദ്ധതിയ്ക്ക് , നേരത്തേ ദേശീയപാത അതോറിറ്റി തത്വത്തിൽ അംഗീകാരം നൽകിയതാണെന്നും, എന്നാൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ പദ്ധതി ഉപേക്ഷിക്കുകയായിരുന്നു എന്നും മന്ത്രി വ്യക്തമാക്കി.

*************************

## സെൻസസ്

കേരളത്തിലെ ദേശീയ സെൻസസ് 2027 ന്റെ ഒന്നാം ഘട്ടമായ വീടുകളുടെ പട്ടിക തയ്യാറാക്കലും ഭവന സെൻസസും ഇന്ന് സമാപിക്കും. സെൻസസ് ഒന്നാം ഘട്ടത്തിൽ വീടുകളുടെ വിവരശേഖരണമാണ് നടക്കുന്നത്. അടുത്ത വർഷം ഫെബ്രുവരിയിൽ ജനസംഖ്യ കണക്കെടുപ്പ് ആരംഭിക്കും.

RNU TVPM

*************************

<u>സെൻസസ് - കണ്ണൂർ (ഇൻട്രോ)</u>

സെൻസസ് ഒന്നാം ഘട്ടത്തിന്റെ ഭാഗമായുള്ള വിവരശേഖരണം 100 ശതമാനം പൂർത്തിയാക്കി കണ്ണൂർ ജില്ല. സെൻസസ് വിവരശേഖരണ പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തീകരിച്ച മുഴുവൻ ഉദ്യോഗസ്ഥർക്കും ജില്ലാ കലക്ടർ അഭിനന്ദനമറിയിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**

(വോയ്സ്)

*************************

<u>മഴ</u>

കേരളത്തിൽ ഇന്ന് മുതൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മഴ തുടരുന്ന സാഹചര്യത്തിൽ വയനാട് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു. നാളെയും മറ്റന്നാളും എല്ലാ ജില്ലകളിലും മഴ മുന്നറിയിപ്പുണ്ട്. ഞായറാഴ്ച വരെ കേരളതീരത്ത് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

RNUTVPM

*************************

<u>മുണ്ടക്കൈ - ചൂരൽമല (ഇൻട്രോ)</u>

മുണ്ടക്കൈ - ചൂരൽമല ഉരുൾപൊട്ടലിന് രണ്ടാണ്ട് തികയുന്നു; ജില്ലാഭരണകൂടത്തിന്റെയും മേപ്പാടി ഗ്രാമപഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ ഇന്ന് അനുസ്മരണപരിപാടികൾ

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്...**

(വോയ്സ്)

*************************

<u>ഉപതിരഞ്ഞെടുപ്പ്</u>

രാജ്യത്തെ മൂന്ന് നിയമസഭാ സീറ്റുകളിൽ ഇന്ന് ഉപതിരഞ്ഞെടുപ്പ് നടക്കുന്നു. ബിഹാറിലെ ബങ്കിപ്പൂർ, മധ്യപ്രദേശിലെ ദതിയ, ഗുജറാത്തിലെ മഞ്ചാൽപൂർ എന്നീ മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ് പുരോഗമിക്കുന്നത്. ബിജെപി ദേശീയ അധ്യക്ഷൻ നിതിൻ നബീൻ രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്നാണ് ബങ്കിപ്പൂരിൽ ഉപതെരഞ്ഞെടുപ്പ് വേണ്ടിവന്നത്.

*************************

## ഗവർണർ

തിരുവനന്തപുരം വലിയമല IIST യുടെ 14-ാമത് ബിരുദദാന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഇന്ന് മുഖ്യാതിഥിയാകും. 332 പേർക്ക് ബിരുദം സമ്മാനിക്കും. മികച്ച പ്രകടനം കാഴ്ചവെച്ച വിദ്യാർത്ഥികൾക്ക് എക്സലൻസ് സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡും വിതരണം ചെയ്യും.

*************************

## മുഖ്യമന്ത്രി

ഓണക്കാലത്തെ വിലക്കയറ്റം തടയാൻ സർക്കാർ സജീവമായി ഇടപെടൽ നടത്തുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. 16 ഇനങ്ങൾ അടങ്ങിയ 6 ലക്ഷത്തിലധികം സൗജന്യ ഓണക്കിറ്റുകൾ ആഗസ്റ്റ് 10 മുതൽ 20 വരെ വിതരണം ചെയ്യും.

*************************

## പിണറായി വിജയൻ

അതിനിടെ കഴിഞ്ഞ എൽ ഡി എഫ് സർക്കാർ , തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പ്ലാൻ ഫണ്ടിലെ അവസാന ഗഡു നൽകിയില്ല എന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന വസ്തുതാ വിരുദ്ധമാണെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പറഞ്ഞു. തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലനിൽക്കെ തിരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതിയില്ലാത്തതു കൊണ്ടാണ് അവസാന ഗഡു നൽകാൻ കഴിയാതെ പോയതെന്ന് അദ്ദേഹം വ്യക്തമാക്കി .

RNU TVPM

*************************

## ട്രോളിങ്ങ് നിരോധനം (ഇൻട്രോ)

സംസ്ഥാനത്ത് 52 ദിവസംനീണ്ട ട്രോളിങ്ങ് നിരോധനം നാളെ അർദ്ധരാത്രി അവസാനിക്കും. 4000 ത്തോളം ട്രോളിങ് ബോട്ടുകളുള്ള സംസ്ഥാനത്ത് , നേരിട്ടും അനുബന്ധമേഖലകളുമായി 10,000 ക്കണക്കിന് കുടുംബങ്ങളാണ് ഈ മേഖലയെ ആശ്രയിക്കുന്നത്. **ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ തയ്യാറാക്കിയ റിപ്പോർട്ട് ...**

(വോയ്സ്)

*************************

## ഓഹരി വിപണി

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 39 പോയിന്റ് ഉയർന്ന് 77,695 ലും നിഫ്റ്റി 15 പോയിന്റ് നേട്ടത്തിൽ 24,261 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ്ണവില പവന് 600 രൂപ ഉയർന്ന് ഒരു ലക്ഷത്തി 5,840 രൂപയും ഗ്രാമിന് 13,230 രൂപയുമാണ് ഇന്നത്തെ വില.

RNU TVM

*************************

## കാട്ടുപോത്ത്

കൊല്ലം കുളത്തൂപ്പുഴയിൽ കാട്ടുപോത്തിൻ്റെ ആക്രമണത്തിൽ വയോധികൻ മരിച്ചു. കുളത്തൂപ്പുഴ സ്വദേശി ബഷീർ ആണ് മരിച്ചത്. പുലർച്ചെ കുളത്തൂപ്പുഴ ജംഗഷനിലേക്ക് നടന്ന് വരികയായിരുന്നു ബഷീർ കാട്ടുപോത്തിന് മുന്നിൽപ്പെടുകയായിരുന്നു.

*************************

## ആദായ നികുതി റിട്ടേൺ

2025-26 സാമ്പത്തിക വർഷത്തിലെ ആദായ നികുതി റിട്ടേൺ സമർപ്പിക്കേണ്ട വ്യക്തിഗത നികുതിദായകരുടെ സമയ പരിധി- നാളെ അവസാനിക്കും. ശമ്പളവും, പെൻഷനും കൈപ്പറ്റുന്നവർ

ഉൾപ്പെടെ നികുതി ഓഡിറ്റിന് വിധേയരല്ലാത്ത വ്യക്തികളാണ് ഈ സമയത്തിനുള്ളിൽ ഐ.ടി റിട്ടേണുകൾ നൽകേണ്ടത്. അവസാന തീയതി കഴിഞ്ഞാലും പിഴയും നികുതി കുടി ശികയുണ്ടെങ്കിൽ പലിശയും അ ടക്കം ഡിസംബർ 31 വരെ ബി ലേറ്റഡ് റിട്ടേൺ സമർപ്പിക്കാം.

*****************************************************************************************

RNU TVPM